**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5510** **15-03-2023 - ൽ മറുപടിയ്ക്ക്**

**ആംബുലൻസുകളുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആകെ എത്ര ആംബുലൻസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിൽ ആർ.ടി.ഒ. ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ; | (എ) | ആകെ 8322 ആംബുലൻസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം മോഡൽ വാഹനങ്ങൾക്കാണ് ആംബുലൻസ് ആയി സേവനം നടത്താൻ അനുമതി നൽകുന്നത്; | (ബി) | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 126 പ്രകാരമുള്ള കേന്ദ്ര സർക്കാർ ഏജൻസികൾ ടെസ്റ്റ് ചെയ്ത ശേഷം ആംബുലൻസ് ആയി രജിസ്റ്റർ ചെയ്യാൻ അംഗീകാരം നൽകിയിട്ടുള്ള വാഹനങ്ങൾക്ക് മാത്രമേ ആംബുലൻസായി രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളു. ഇത്തരം ഏജൻസികൾ മറ്റൊരു വിഭാഗത്തിൽ അംഗീകാരം നൽകിയിട്ടുള്ള വാഹനങ്ങൾ ആംബുലൻസ് വിഭാഗത്തിലേക്ക് തരം മാറ്റുകയാണെങ്കിൽ അത്തരം വാഹനങ്ങൾ ആംബുലൻസായി രജിസ്റ്റർ ചെയ്യാൻ കഴിയില്ല. അതുപോലെ തന്നെ പാസഞ്ചർ വാഹനത്തിന്റെ ഷാസി (chasis) എടുത്ത് ആംബുലൻസുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള ബോഡി കോഡിൽ ബോഡി നിർമ്മിക്കുന്ന വാഹനത്തിനും ആംബുലൻസായി രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്. |
| (സി) | ആംബുലൻസുകളുടെ ഗുണനിലവാരം/ പ്രവർത്തനക്ഷമത സംബന്ധിച്ച് കൃത്യമായി പരിശോധന നടത്താറുണ്ടോ; | (സി) | ആംബുലൻസുകളുടെ ഗുണനിലവാരം ഫിറ്റ്നസ് പരിശോധനാ വേളയിലും അതുപോലെ റോഡിൽ വാഹന പരിശോധന നടത്തുന്ന അവസരങ്ങളിലും ഉറപ്പാക്കാറുണ്ട്. ഗുണനിലവാരമില്ലാത്ത വാഹനങ്ങൾ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ ഫിറ്റ്നസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ആംബുലൻസ് ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകാറുണ്ടോ? | (ഡി) | ആംബുലൻസ് ഡ്രൈവർമാർക്ക് നിലവിൽ പ്രത്യേക പരിശീലനം നൽകിവരുന്നില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Vehicle Class | Thiruvananthapuram | Kollam | Pathanamthitta | Alappuzha | Kottayam | Idukki | Ernakulam | Thrissur | Palakkad | Malappuram | Kozhikode | Wayanad | Kannur | Kasargode |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Ambulance | 2047 | 522 | 326 | 409 | 554 | 255 | 1164 | 647 | 390 | 543 | 671 | 158 | 459 | 177 |